# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4626 — 20.10.11 ൽ -മറുപടിക്ക്

## ചാലക്കുടി അടിച്ചിലിയിൽ മാവേലി സ്റ്റോർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) | |
| (എ) | അർഹരായ മുഴുവൻ പേർക്കും ബി.പി.എൽ.കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുമോ ; | (എ) | നിലവിലുള്ള ബി.പി.എൽ കാർഡുകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് തയ്യാറാക്കിയ പുതിയ ബി.പി.എൽ പട്ടിക പ്രകാരം പുതുക്കി നൽകിയിട്ടില്ല. ബി.പി.എൽ പട്ടിക സംബന്ധിച്ച് അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (ബി) | ചാലക്കുടി അടിച്ചിലിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ ; | (ബി) | പുതിയ മാവേലി സ്റ്റോർ അനുവദിക്കുമ്പോൾ മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. അടിച്ചിലി ഉൾപ്പെടുന്ന മേലൂർ പഞ്ചായത്തിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സപ്ലൈകോയുടെ കീഴിൽ ചാലക്കുടി മണ്ഡലത്തിൽ എൽ.പി.ജി.ഔട്ട്ലെറ്റ്, പെട്രോൾ പമ്പ്, ഹൈപ്പർ മാർക്കറ്റ് എന്നിവ അനുവദിക്കാൻ നടപടി സ്വീകരിയ്ക്കുമോ ? | (സി) | പെട്രോൾ പമ്പുകളും, എൽ.പി.ജി ഔട്ട്ലെറ്റുകളും അനുവദിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും ഓയിൽ കമ്പനികളുടെ നിയന്ത്രണത്തിലാണ്. ചാലക്കുടി മണ്ഡലത്തിൽ സപ്ലൈകോയുടെ കീഴിൽ എൽ.പി.ജി ഔട്ട്ലെറ്റും, പെട്രോൾ പമ്പും സ്ഥാപിക്കാൻ ഓയിൽ കമ്പനി അനുവദിച്ചാൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സിവിൽ സപ്ലൈസ് കോർപറേഷന് സ്വന്തമായി സ്ഥലസൗകര്യമുള്ള ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിൽ വാണിജ്യപരമായും, സാമൂഹികമായും അവലോകനം നടത്തിയാണ് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നത്. ചാലക്കുടി ടൗണിൽ നിലവിൽ ഒരു സൂപ്പർ മാർക്കറ്റും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ചാലക്കുടിയിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ